1001

1 ജയം ജയം യേശുവിന്നു ദിവ്യരക്ഷകൻ ഇതാ!
ചാവിൻ കല്ലറയിൽനിന്നു ഉയിർത്തു ഹല്ലേലുയ്യാ!

ജയം ജയം ഹല്ലേലുയ്യാ വാഴ്ക ജീവനായക!
ജയം ജയം ഹല്ലേലുയ്യാ വാഴ് ജീവദായക!

2 ചത്ത കർമ്മങ്ങളിൽ നിന്നു യേശു നമ്മെ രക്ഷിച്ചു
നമ്മിൽ ജീവിക്കുന്നതിന്നു തന്നെത്താൻ പ്രതിഷ്ഠിച്ചു-

3 മൃത്യുവിൻ ഭയങ്കരങ്ങൾ നീങ്ങി തൻ ഉയിർപ്പിനാൽ
നിത്യജീവന്റെ ഇമ്പങ്ങൾ വന്നു സുവിശേഷത്താൽ-

4 മണ്മയമാം ഈ ശരീരം ആത്മമയമാകുവാൻ
കാഹളം ധ്വനിക്കുന്നേരം കൽപ്പിച്ചിടും രക്ഷകൻ-

5 നെടുവീർപ്പും കണ്ണുനീരും ദു:ഖവും വിലാപവും
നൊടിനേരംകൊടു തീരും പിന്നെയില്ലോർ ശാപവും-

6 ജീവനുള്ള രക്ഷിതാവിൻ കൂടെ നാമും ജീവിക്കും
എന്നെന്നേക്കും തൻപിതാവിൻ രാജ്യത്തിൽ ആനന്ദിക്കും-

V.N.